യിലാണ്. ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

23 (545) കശുവണ്ടി വികസനകോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നാളിതുവരെ നടത്തിയിട്ടുള്ള തോട്ടണ്ടി-അണ്ടിപ്പരിപ്പ് ഇടപാടുകളുടെ വിശദവിവരം തുക, തീയതി അടക്കം ഇനം തിരിച്ച് പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്തുമോ;

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1995-96 മുതൽ 3-3-2000 വരെയുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) കശുവണ്ടി വികസനകോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി.

(1) ഗവൺമെന്റ് തലത്തിൽ ബാങ്കുകളുമായി ചർച്ചനടത്തി ബാങ്ക് വായ്പാ പരിധി ഉയർത്തുകയും തൻമൂലം അധിക മൂലധനം ലഭ്യമാക്കുന്നതിനും സാധിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പറേഷന് അതിന്റെ നവീകരണ പ്രവർത്തനത്തിനായി നൽകിയ 7 കോടി രൂപ ഉൾപ്പെടെ 133 കോടിയോളം രൂപ നൽകിയിട്ടുണ്ട്. തൻമൂലം ആഭ്യന്തര വിപണിയിലൂടെയും ഇറക്കുമതിയിലൂടെയും കൂടുതൽ തോട്ടണ്ടി സംഭരിച്ച് കൂടുതൽ തൊഴിൽദിനങ്ങൾ പ്രദാനംചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

(2) കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ലഭ്യമാകുന്ന തരിശ് ഭൂമികളിൽ കശുമാവു കൃഷിചെയ്യുന്നതിനാവശ്യമായ ഉത്തരവ് ബന്ധപ്പെട്ട എല്ലാവർക്കും നൽകുകയും അതിൻപ്രകാരം കോർപ്പറേഷൻ നടപടികളെടുത്തുവരുന്നു. ഈ ആവശ്യത്തിന് 5 കോടി രൂപ നൽകുമെന്ന് ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ളത് ലഭ്യമാക്കാൻ നടപടികൾ എടുക്കുന്നു.

(3) ഈ വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ കോർപ്പറേഷൻ നവീകരണപ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.

(4) പുതിയ ബാങ്കുകളെ കൺസോർഷ്യത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

22 (546) ഫോം മാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡിലേയ്ക്ക് അപേക്ഷ

ശ്രീ. എ.കെ. മണി :

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly